# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.കെ.ഡി.പി1/507/2021


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012


ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.കെ.ഡി.പി1/507/2021 തീയ്യതി: 23/03/2021

# കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 02-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ.എം. | ഡെപ്യൂട്ടിഡയറക്ടർ | 03-03-2021 | 15-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം.,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ ടി.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബേബി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എം.എ.റഷീദ് | സെക്രട്ടറി | 01-04-2019 | 20-10-2019 |
| | | 17-11-2019 | 31-03-2020 |
| ശ്രീ.ഫ്രാൻസിസ് തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-10-2019 | 16-11-2019 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയ (വരെ |
|---|---|---|---|
| ഡോ.ഷാജിബ് .സി.കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03 2020 |
| ശ്രീ.മുഹമ്മദ് ഫൈസൽ | കൃഷി ഓഫീസർ | 01-04-2019 | 31-03 2020 |
| ഡോ.ഫെസിന ഹസ്സൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 05-02 2020 |
| ഡോ.പ്രവീൺ.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03 2020 |
| ഡോ.അബ്ദുൾ സമദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-05 2019 |
| ഡോ.ഷാദിയ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-06-2019 | 31-03 2020 |
| ശ്രീമതി.അജിത ക്രിസ്റ്റബൽ | വി.ഇ.ഒ | 01-04-2019 | 03-09 2019 |
| ശ്രീ.ജിഷാർ.കെ | വി.ഇ.ഒ | 01-10-2019 | 31-03 2020 |
| ശ്രീ.സുരേഷ്.കെ.പി | വി.ഇ.ഒ | 04-09-2019 | 31-03 2020 |
| ശ്രീമതി.നിമ്മി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 03-07 2019 |
| ശ്രീ.ആസിഫ് അഹമ്മദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 03-07-2019 | 31-03 2020 |
| ശ്രീ.ശശീന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03 2020 |
| ശ്രീ.ഫ്രാൻസിസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04- | 16-12 |

| | | | |
|---|---|---|---|
| തോമസ് | | 2019 | 2019 |
| ശ്രീമതി.സോണിയ.പി | അസിസ്റ്റന്റ് സെക്രട്ടറി | 03-01-2020 | 31-03 2020 |
| ഡോ.നസ്റുൾ ഇസ്ലാം.കെ.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 06-02-2020 | 31-03 2020 |
| ശ്രീമതി.രമ്യ.കെ.ആർ | ഐ.സിഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 14-06 2019 |
| ശ്രീമതി.ഷീജ.വി.ടി | ഐ.സിഡി.എസ്.സൂപ്പർവൈസർ | 15-06-2019 | 31-03 2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-1 |
| 2 | ബജറ്റ് രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 07-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-1-1 |
| 3 | ബജറ്റ് ഡോക്യുമെന്റുകൾ പൂർണ്ണമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 07-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-2 |
| 5 | ഇ-ടെണ്ടർ ഫീ വരവു വച്ചില്ല<br>Written By: Jisha Samuel (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-2-1 |
| 6 | പാർട്ട് ബിൽ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചില്ല<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-2-2 |
| 7 | ബി-ഫണ്ട് ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-2-3 |
| 8 | ആസ്തി രജിസ്റ്റർ കാലികമല്ല<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-2-4 |
| 9 | ഗുണഭോക്തൃ വിഹിതം ചെലവ് വാർഷികകണക്കിൽ ഉൾപ്പെട്ടില്ല<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-2-5 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-3 |
| 11 | ഫണ്ട് വിനിയോഗം<br>Written By: Jisha Samuel (Asst. Audit Officer, On 07-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-4 |
| 12 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 07-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-4-1 |
| 13 | ശുചിത്വ മിഷൻ ഫണ്ട്- വിനിയോഗിക്കാതെ സൂക്ഷിക്കുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-4-2 |
| 14 | പദ്ധതി അവലോകനം<br>Written By: Jisha Samuel (Asst. Audit Officer, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-5 |
| 15 | പദ്ധതി രൂപീകരണത്തിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-5-1 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| | Written By: Jisha Samuel (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | |
| 17 | ക്ഷേമപദ്ധതികൾ<br>Written By: Jisha Samuel (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-7 |
| 18 | ക്യാഷ് പരിശോധന<br>Written By: Jisha Samuel (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം<br>Written By: Jisha Samuel (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-9 |
| 20 | ടെണ്ടർ ഫീ തുക ലഭ്യമാക്കാൻ നടപടിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-10 |
| 21 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-11 |
| 22 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-12 |
| 23 | കേളൻമൂല ചെവിടംപൊയിൽ റോഡ്- പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം<br>Written By: Jisha Samuel (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13 |
| 24 | എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നില്ല.<br>Written By: Jisha Samuel (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-14 |
| 25 | കരാറുകാരന് അധിക തുക നൽകി<br>Written By: Jisha Samuel (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-14-1 |
| 26 | പൊതു അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-14-2 |
| 27 | എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെട്ടതിനാൽ റോഡ് നിർമ്മാണം പരിമിതപ്പെടുത്തിയതും, മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-15 |
| 28 | അസി.എഞ്ചിനീയർ -തൻവർഷ പദ്ധതികളുടെ ചെലവ് തുച്ഛം<br>Written By: Jisha Samuel (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-16 |
| 29 | പണം അടവാക്കി വർഷം കഴിഞ്ഞിട്ടും പ്രിന്ററും ലാപ്ടോപ്പും ലഭിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-17 |
| 30 | പദ്ധതിയേതരചെലവിന് പദ്ധതി പണം ചെലവഴിച്ചു.<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-18 |
| 31 | തെരുവു വിളക്ക് മെയിന്റനൻസ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |

| | | |
|---|---|---|
| | Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | |
| 32 | ലാപ് ടോപ്പ് വിതരണം -- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-20 |
| 33 | കായികരംഗത്തെ സമഗ്രവികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-21 |
| 34 | എസ്.എസ്.എ - എസ്.സി.പി.വിഹിതം ആനുപാതികനിരക്കിലും അധികം നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-22 |
| 35 | ഗുണഭോക്തൃവിഹിതം നിർവ്വഹണോദ്യോഗസ്ഥന് തിരികെ നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-23 |
| 36 | വൃദ്ധർക്ക് കട്ടിൽ-കട്ടിലുകൾ വിതരണം ചെയ്തില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-24 |
| 37 | മുൻകൂർ തുക തിരികെ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-25 |
| 38 | “ഹരികിരണം"ട്രൈബൽ ഹെൽത്ത് കെയർ പദ്ധതി - അനുകരണീയ മാതൃക<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-26 |
| 39 | വന്യജീവികൾക്കെതിരെ ഫെൻസിംഗ്-നൂതന പദ്ധതി - മാതൃകാപരമായി നടപ്പാക്കി<br>Written By: RAMDAS M. (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vasudevan M (Deputy Director, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിശദാംശം<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിശദാംശം<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരം<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-4 |
| 5 | | 4-5 |

| | | |
|---|---|---|
| | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Vasudevan M (Deputy Director, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha Samuel (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha Samuel (Asst. Audit Officer, On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 13.02.2019 ലെ യോഗത്തിൽ തീരുമാനം 1 ആയി അംഗീകരിച്ചു. 12.03.2020 ലെ യോഗതീരുമാനം 2 ആയി ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവ് താഴെ കൊടുക്കുന്നു,

| | |
|---|---|
| മുന്നിരിപ്പ് | 4518567 |
| വരവ് | 163511047 |
| ആകെ | 168029614 |
| ചെലവ് | 163435436 |
| നീക്കിയിരിപ്പ് | 4594178 |

ഗ്രാമപഞ്ചായത്ത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക ബജറ്റ് തയ്യാറാക്കുന്നതിനുള്ള സ്വാഗതാർഹകമായ ഇടപെടൽ നടത്തിയിട്ടുണ്ട്. 07.12.2018 തീയതിയിലെ യോഗത്തിൽ ബജറ്റിലേയ്ക്കുള്ള പദ്ധതിയേതര നിർദ്ദേശങ്ങൾ എല്ലാ നിർവ്വഹണോദ്യഗസ്ഥരോടും സമർപ്പിക്കാൻ നിർദ്ദേശിക്കുകയും, തുടർന്ന് 13.12.2018 ന് നടന്ന യോഗത്തിൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച നോൺപ്ലാൻ പ്രൊപ്പോസലുകൾ പരിശോധിച്ച് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കാൻ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളോടാവശ്യപ്പെട്ടു. കരട് ബജറ്റ് 29.01.2019 ലെ യോഗത്തിൽ തീരുമാനം 1 ആയി അംഗീകരിച്ച് ഭരണസമിതിയ്ക്ക് സമർപ്പിച്ചു. വൈസ് പ്രസിഡന്റിന്റെ ശ്രദ്ധേയമായ മുഖപ്രസംഗത്തോടെയാണ് ബജറ്റ് സമർപ്പിച്ചിട്ടുള്ളത്.

### 1-1-1 ബജറ്റ് രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുമ്പ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. 10.12.2018 ന് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനവരി 15-ന് മുമ്പ് | സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ട്. സെക്രട്ടറി തയ്യാറാക്കിയ പദ്ധതിയേതര നിർദ്ദേശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| | | |

| | | |
|---|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുമ്പ് | 13.12.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച നോൺപ്ലാൻ പ്രൊപ്പോസലുകൾ പരിശോധിച്ച് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് നടന്നതായി കാണുന്നില്ല |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുമ്പ് | 29.01.2019 ന് കരട് ബജറ്റിന് അംഗീകാരം നൽകി ഭരണസമിതിയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുമ്പ് | 11-02-2019ന് നടന്ന സാധാരണ യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് അവതരിപ്പിച്ചു. ബജറ്റ് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുമ്പ് | 13-02-2109നടന്ന സാധാരണ യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ചു. |

### 1-1-2 ബജറ്റ് ഡോക്യുമെന്റുകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ
3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
4. പെർഫോമൻസ് ബജറ്റ്
5. ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകളിൽ ബജറ്റ് കുറിപ്പ്, പെർഫോമൻസ് ബജറ്റ് , ജെന്റർ ബജറ്റ് എന്നിവ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 8.05.2020 ന് ഓഡിറ്റിന്

സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ഉപഖണ്ഡികകളായി താഴെ കൊടുക്കുന്നു.

1-2-1 ഇ-ടെണ്ടർ ഫീ വരവു വച്ചില്ല

പഞ്ചായത്തിൽ വർഷങ്ങളായി നടന്നു വരുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുക ലഭ്യമാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-2-2 പാർട്ട് ബിൽ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചില്ല

പഞ്ചായത്ത് ഓഫീസ് ബസ് സ്റ്റാന്റ് നവീകരണപ്രവർത്തനങ്ങൾ(പ്രൊജക്ട് നം.211/20)എന്ന പ്രവൃത്തിക്ക് പാർട്ട്ബിൽ ആയി നൽകിയ 584816/-രൂപ റസീറ്റ് ആന്റ് പേയ്മെന്റ് എക്കൗണ്ടിൽ (RP40) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ്ഷീറ്റിലെ ബി.11(എ)ഷെഡ്യൂളിലെ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടുള്ളത് 5/20ലാണ്.

1-2-3 ബി-ഫണ്ട് ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിലെ സാമൂഹ്യസുരക്ഷാപെൻഷൻ ഇനങ്ങളിലെ വരവുകളും സേവന റിപ്പോർട്ട് പ്രകാരമുള്ള വരവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | വാർഷിക കണക്കുപ്രകാരം | സേവന റിപ്പോർട്ട് പ്രകാരം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 2324400/- | 3285600/- |
| 2 | വാർദ്ധക്യകാല പെൻഷൻ | 6834300/- | 9857100/- |
| 3 | വികലാംഗപെൻഷൻ | 1666000/- | 2352500/- |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 153600/- | 208800/- |
| 5 | വിധവാ പെൻഷൻ | 5849400/- | 7902600/- |

1-2-4 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തിരജിസ്റ്റർ കാലികമാക്കുകയോ ആസ്തികളുടെ ഭൗതിക പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പു വരുത്താനായില്ല.

1-2-5 ഗുണഭോക്തൃ വിഹിതം ചെലവ് വാർഷികകണക്കിൽ ഉൾപ്പെട്ടില്ല

പ്രൊജക്ടുകൾ പ്രകാരം നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ട് പദ്ധതി ചെലവിന്റെ യഥാർത്ഥ ചിത്രം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 13708964 |
| വരവ് | 60017090 |
| ആകെ | 73726054 |
| ചെലവ് | 60021259 |
| നീക്കിയിരിപ്പ് | 13704795 |

**1-4 ഫണ്ട് വിനിയോഗം**

ഗ്രാമപഞ്ചായത്തിന് 2019-20 വർഷത്തിൽ ലഭിച്ച വിവിധ ഗ്രാന്റുകളുടെ ചെലവ് വിശദാംശം ചുവടെ കൊടുക്കുന്നു

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | - | 19481799 | 19481799 | 15384022* | 4097777 | 4091077 രൂപ ക്യൂബിൽ തുക |
| വികസനഫണ്ട് എസ്.സി.പി | - | 8396765 | 8396765 | 6187006* | 2209759 | 1929822 രൂപ ക്യൂബിൽ തുക |
| വികസനഫണ്ട് ടി.എസ്.പി | - | 509000 | 509000 | 236400 | 272600 | 75000 രൂപ ക്യൂബിൽ തുക |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | - | 12551094 | 12551094 | 7073187 | 5477907 | 5038567രൂപ ക്യൂബിൽ തുക |
| സംരക്ഷണഗ്രാന്റ് റോഡ് | - | 6653000 | 6653000 | 1974269 | 4678731 | 3929263 രൂപ ക്യൂബിൽ തുക |
| സംരക്ഷണഗ്രാന്റ് റോഡിതരം | - | 5700000 | 5700000 | 4333936 | 1366064 | 594462രൂപ ക്യൂബിൽ തുക |
| കേന്ദ്രാവിഷ്കൃതഫണ്ട് ഐ.സി.ഡി.എസ്. | 341599 | 629108 | 970707 | 631720 | 338987 | - |
| സംസ്ഥാനാവിഷ്കൃത ഫണ്ട് ശുചിത്വമിഷൻഫണ്ട് | 1929192 | -- | 1929192 | 150000 | 1779192 | - |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് | - | 936500 | 936500 | 189050 | 747450 | ഓഡിറ്റ് സമയം 67450 രൂപ ചെലവഴി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ക്കാൻ ബാക്കി നിൽക്കുന്നു |
| | ജില്ലാ പഞ്ചായത്ത് | 546523 | 475000 | 1021523 | 559000 | 462523 | ഓഡിറ്റ് സമയം 187500രൂപ ചെലവഴി ക്കാൻ ബാക്കി നിൽക്കുന്നു |

*വാർഷിക കണക്ക് പ്രകാരമുള്ള തുക. ഗ്രാന്റ് വിനിയോഗ പത്രികയിൽ ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം തയ്യാറാക്കിയ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു,

- ഗ്രാന്റ് വിനിയോഗ പത്രികയിലുൾപ്പെട്ട വികസനഫണ്ട് ജനറലിന്റെ അലോക്കേഷൻ തുക, വിവിധ മേഖലയിൽ വിഭാവനം ചെയ്ത പ്രോജക്ടുകളുടെ എണ്ണം എന്നിവ ഐ.കെ.എം. ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
- വികസനഫണ്ട് എസ്.സി.പി.യുടെ അലോക്കേഷൻ തുകയും, സേവന മേഖലയിലെ പ്രോജക്ടുകളുടെ എണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നു.
- വികസനഫണ്ട് ടി.എസ്.പി., ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ അലോക്കേഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.
- സംരക്ഷണഗ്രാന്റ് റോഡിതരം ഫണ്ടുപയോഗിച്ച് സേവനമേഖലയിൽ തയ്യാറാക്കിയ പദ്ധതികളുടെ അലോക്കേഷൻ ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
- കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ ഉൾപ്പെട്ട പത്രികയിൽ ഐ.എ.വൈ./പി.എം.എ.വൈ.(ജനറൽ, എസ്.സി.പി.), ഐ.സി.ഡി.എസ്., സാനിറ്റേഷൻ എന്നിവയുടെ വരവ് ചെലവ് സംബന്ധിച്ച തുകകളുടെ ആധികാരികത വ്യക്തമല്ല.

## 1-4-2 ശുചിത്വ മിഷൻ ഫണ്ട്- വിനിയോഗിക്കാതെ സൂക്ഷിക്കുന്നു

2017-18 മുതൽ 2020-21 കാലഘട്ടം വരെ സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും വിവിധോദ്ദേശ്യങ്ങൾക്കായി ലഭിച്ച 24,91,141/-രൂപ നിലവിലും വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ഉത്തരവ് വിവരം | തുക |
|---|---|---|---|
| 1 | 2017-18 | ഡി.എസ്.എം./ കെ.കെ.ഡി./164/2017, തിയ്യതി: 31.03.2018 | 10,00,000 |
| 2 | 2018-19 | ഡി.എസ്.എം./കെ.കെ.ഡി./ 9/2019, തിയ്യതി: 16.01.2019 (പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് ഒന്നാം ഗഡു) | 3,50,988 |
| 3 | 2020- | 1237/എ/2019/എസ്.എം., | 11,40,153 |

| | | | |
|---|---|---|---|
| | 21 | തിയ്യതി: 13.08.2020 (പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് രണ്ട്, മൂന്ന് ഗഡുക്കൾ) | (9,55,847 ജനറൽ<br>163378 എസ്.സി.പി.<br>20929 ടി.എസ്.പി) |

മുകളിൽ വിവരിച്ച തുക അനുവദിച്ചുകൊണ്ടുള്ള ഒരോ ഉത്തരവുകളിലും തുക വിനിയോഗിക്കാവുന്ന മേഖലകളെ/പദ്ധതികളെ സംബന്ധിച്ചും, വിനിയോഗ വിവരം നൽകേണ്ട കാലയളവുകളും വിവരിക്കുന്നുണ്ട്. ക്രമ നമ്പർ 1 പ്രകാരമുള്ള ഉത്തരവിൽ നിശ്ചിത കാലാവധിക്കുള്ളിൽ (30.6.2018) വിനിയോഗിച്ചില്ലെങ്കിൽ 18% നിരക്കിൽ പലിശ സഹിതം തിരികെ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള 10,00,000/- രൂപ 2017-18 വർഷാവസാനം ലഭിച്ചിട്ടുണ്ടെങ്കിലും തുടർന്നുള്ള വർഷത്തിൽ ഈ തുകയുപയോഗിക്കും വിധം യാതൊരു പദ്ധതിയും വിഭാവനം ചെയ്തില്ല. 2018-19വർഷത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് 11,50,000/-രൂപ അടങ്കലിൽ വിഭാവനം ചെയ്തിരുന്ന അജൈവ മാലിന്യ ശേഖരണത്തിന് ഷെഡ് നിർമ്മാണമെന്ന പേരിലുള്ള പദ്ധതിയുടെ ഫണ്ടിനം ശുചിത്വമിഷൻ ഫണ്ടാക്കി മാറ്റി 2019-20 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. എന്നാൽ തൻവർഷവും ഈ പദ്ധതി നടപ്പാക്കിയില്ല. 2020-21 വർഷത്തിൽ ഈ പ്രോജക്ട് പുതിയ പദ്ധതിയായി വീണ്ടും ഉൾപ്പെടുത്തിയിരിക്കുന്നു. 2019-20 ൽ 629192/- രൂപ അടങ്കലിൽ ചമൽ ജി.എൽ.പി. സ്കൂൾ ടോയ് ലെറ്റ് നിർമ്മാണം എന്ന പ്രോജക്ടും ഈ ഫണ്ടുപയോഗിച്ച് വിഭാവനം ചെയ്തിരുന്നെങ്കിലും ആയതിലും തൻവർഷത്തിൽ ചെലവുണ്ടായില്ല.

2020-21 ൽ ശുചിത്വമിഷൻ തുകകൾ അടങ്കലായി കാണിച്ച് മൂന്നു പദ്ധതികളാണുള്ളത്. (1) അജൈവ മാലിന്യ ശേഖരണത്തിന് ഷെഡ് നിർമ്മാണം (14,28,204/-), (2)ചമൽ ജി.എൽ.പി. സ്കൂൾ ടോയ് ലെറ്റ് നിർമ്മാണം (350988/-), (3) ടേക്ക് എ ബ്രേക്ക് (955847/-). ഈ പദ്ധതികളിൽ ഓഡിറ്റ് തിയ്യതി വരെ 350988/- രൂപയുടെ(ചമൽ ജി.എൽ.പി. സ്കൂൾ ടോയ് ലെറ്റ് നിർമ്മാണം) ചെലവ് മാത്രമാണുണ്ടായത്. എസ്.സി.പി., ടി.എസ്.പി.. ഫണ്ടുകൾ ഉപയോഗിച്ച് പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുമില്ല. എം.സി.എഫ്. വിഷയത്തിലുള്ള നാട്ടുകാരുടെ എതിർപ്പ് ഇപ്പോഴും നിലനിൽക്കുകയാണ്. ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണത്തിന് നിലവിലും സ്ഥലം കണ്ടെത്തിയിട്ടില്ല.

മുകളിൽ വിവരിച്ച രീതിയിൽ ശുചിത്വമിഷനിൽ ലഭ്യമായ ഫണ്ട് പഞ്ചായത്തിന് ഉപയോഗപ്രദമായി വിനിയോഗിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ തുക വിനിയോഗിക്കാത്ത പക്ഷം തിരികെ നൽകാൻ സ്ഥാപനം ബാധ്യസ്ഥമാണ്. ശുചിത്വമിഷന്റെ ഉത്തരവുകളിൽ നിർദ്ദേശിക്കും പ്രകാരം തിരികെയടക്കാൻ നിർബന്ധിതമായാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിനിയോഗിക്കാമായിരുന്ന ഫണ്ടിന്റെ നഷ്ടപ്പെടുത്തലാകും. എം.സി.എഫ്. നിർമ്മാണം സമയബന്ധിതമായി നടപ്പാക്കുന്നത് പ്രായോഗികമല്ലെങ്കിൽ ഈ തുക ശുചിത്വമിഷൻ നിർദ്ദേശിച്ചിട്ടുള്ള മറ്റു പദ്ധതികളുടെ ഉപയോഗത്തിനായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 209 | 96885164 | 41241624 | 188 | 6 | 15 | 90% |

139 പദ്ധതികളടങ്ങുന്ന കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 24.12.2018 ലെ 64750/2019/ഡി.പി.സി./ഡി.പി.ഒ./കെ.കെ.ഡി. നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. തുടർന്ന് 02.07.2019 ന് നടന്ന ആസൂത്രണസമിതി യോഗത്തിൽ പുതുതായി വിഭാവനം ചെയ്ത പദ്ധതികളടക്കം ആകെ 206 (151 പുതിയ പ്രോജക്ടുകളും, 2018-19 വർഷത്തെ ഫണ്ടുപയോഗിച്ച് ചെയ്യാവുന്ന 32 പ്രോജക്ടുകളും, 2019-20 വർഷത്തെ ഫണ്ടുപയോഗിച്ച് ചെയ്യാവുന്ന 23 പ്രോജക്ടുകളും) പദ്ധതികളടങ്ങുന്ന വിധം ഭേദഗതി നടത്തി അംഗീകാരം ലഭിച്ചു. പിന്നീട് നടന്ന ഭേദഗതികൾക്ക് ശേഷം അന്തിമ പദ്ധതിയിൽ ആകെ 209 പദ്ധതികളാണുള്ളത്.

പഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയ രണ്ടു നൂതനപദ്ധതികൾ മാതൃകാപരമായവയാണ്. പശ്ചിമഘട്ട മലനിരകളോട് ചേർന്നു കിടക്കുന്ന പഞ്ചായത്ത് പ്രദേശത്ത് കർഷകരുടെ ഏറ്റവും വലിയ സങ്കടമായിരുന്ന വന്യജീവി ശല്യത്തിന് തടയിടുവാൻ ഫെൻസിംഗ് നിർമ്മാണത്തിനായും, ആദിവാസി ഊരുകളിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നടപ്പാക്കിയ "ഹരികിരണം"എന്ന പദ്ധതിയും നല്ല രീതിയിൽ നടപ്പാക്കാൻ പഞ്ചായത്തിനായിട്ടുണ്ട്.

## 1-5-1 പദ്ധതി രൂപീകരണത്തിലെ അപാകതകൾ

പദ്ധതി രൂപീകരണം സംബന്ധിച്ച് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഫയലും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭ എന്നിവയുടെ മിനുട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധനാ വിഷയമാക്കിയതിൽ നിന്നും പഞ്ചായത്തിലെ പദ്ധതിരൂപീകരണ നടപടികളിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികളിൽ പ്രാധാന്യമർഹിക്കുന്നവ ആദ്യം നടപ്പാക്കുന്ന വിധത്തിലാണ് വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടത്. എന്നാൽ ഈ വിധത്തിൽ മുൻഗണന പരിശോധന പഞ്ചായത്തിൽ നടക്കുന്നില്ല. ഇതിനുദാഹരണമാണ്, 21.8.2019 ലെ ഭരണസമിതി തീരുമാനം 1/1(2) ആയി വാർഷിക പദ്ധതിയിലുൾപ്പെട്ട വള്ളുവൻകുന്ന് ചാലക്കുന്ന് റോഡ് ഒഴിവാക്കി പകരം ചമൽ വെണ്ടേക്കം ചാൽ ബൈപാസ് റോഡ് ഉൾപ്പെടുത്തുന്നത്. ഇതിനുള്ള കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത് പ്രസ്തുത ബൈപാസ് നിർമ്മാണം അനിവാര്യ പ്രോജക്ടായതിനാൽ ആദ്യ പദ്ധതി ഒഴിവാക്കുന്നുവെന്നാണ്.
- പഞ്ചായത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിൽ ഏകോപനമില്ലാതെയാണ് പദ്ധതികളുടെ രൂപീകരണം. പ്രോജക്ട് നമ്പർ 121/20പറപ്പുള്ളി റോഡ് ഒഴിവാക്കിയത് ഈ റോഡിന്റെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ പൂർത്തീകരിച്ചുവെന്ന കാരണത്താലാണ്. തൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷ പദ്ധതികളിൽ ഉൾപ്പെട്ട റോഡ് നിർമ്മാണം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുൾപ്പെട്ടത് വിവിധ വിഭാഗങ്ങളുടെ ഏകോപനമില്ലായ്മയാണ് വെളിപ്പെടുത്തുന്നത്.
- വാർഷിക പദ്ധതിലുൾപ്പെടുത്തുന്ന പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്താത്തതിനാൽ നടപ്പാക്കാനാകാതെ വരുന്നു. പ്രോജക്ട് നമ്പർ 107/20 വില്ലുന്നിപ്പാറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ, 76/20 ചക്കാലകുന്ന് റോഡ് എന്നിവ ഒഴിവാക്കുന്നതിന് കാരണമായത് വകയിരുത്തിയ തുക അപര്യാപ്തമായതാണ്.
- ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ഉയർന്നു വരുന്ന ആവശ്യങ്ങളാണ് ഒരോ പദ്ധതികളായി രൂപപ്പെട്ടു വരേണ്ടത്. എന്നാൽ ഗ്രാമസഭയിലോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലോ ചർച്ച ചെയ്യാത്ത/ ആവശ്യപ്പെടാത്ത വിഷയങ്ങളാണ് പഞ്ചായത്തിൽ പദ്ധതികളായി ഉൾപ്പെടുത്തുന്നത്. ഉദാഹരണമായി, കുടുംബശ്രീ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന 650000/- അടങ്കലിലുള്ള പദ്ധതി ഒഴിവാക്കി പകരം ഇതേ അടങ്കലിൽ കുടുംബശ്രീ

യൂണിറ്റുകൾക്ക് ഹരിതപ്രോട്ടോകോൾ സാധനങ്ങൾ എന്ന പ്രോജക്ട് ഉൾപ്പെടുത്താൻ 28.12.2019 ലെ ഭരണസമിതിയിൽ തീരുമാനിച്ചു. എന്നാൽ 15.01.2020 ലെ 2/2(1) തീരുമാനപ്രകാരം ഈ പദ്ധതിയും ഒഴിവാക്കി പകരം അതേ അടങ്കലിൽ കുടുംബശ്രീ അംഗങ്ങൾക്ക് പോത്തുകുട്ടി വിതരണം എന്ന പുതിയ പ്രോജക്ട് ഉൾപ്പെടുത്തി. ഈ പദ്ധതി തൻവർഷം നടപ്പാക്കാതെ 2020-21 ലേയ്ക്ക് സ്പിൽ ഓവര പദ്ധതിയായെങ്കിലും ഓഡിറ്റ് തിയ്യതിവരെ ഈ പദ്ധതിയിൽ ചെലവ് നടന്നിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടമായിട്ടും, ഖരമാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഒരുക്കുന്നതിന് പഞ്ചായത്തിനായിട്ടില്ലയെന്നത് വലിയ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. 2018-19 മുതൽ ഓഡിറ്റ് കാലയളവ് വരെ എല്ലാ വർഷവും എം.സി.എഫ്. നിർമ്മാണമെന്ന പേരിൽ പ്രോജക്ട് തയ്യാറാക്കുന്നുണ്ടെങ്കിലും(വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി.അംഗീകാരം ലഭിക്കുന്നതിന് പ്രസ്തുത മേഖലയിൽ നിർബന്ധ വകയിരുത്തൽ കാണിക്കേണ്ടതുണ്ട്) നിർമ്മാണം ആരംഭിക്കാൻ പഞ്ചായത്തിനായിട്ടില്ല. വിവിധ വർഷങ്ങളിൽ സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക പഞ്ചായത്തിൽ ലഭ്യമാണ്. ഈ തുകയടിസ്ഥാനപ്പെടുത്തിയാണ് എം.സി.എഫ് നിർമ്മാണം വിഭാവനം ചെയ്യുന്നത്. എന്നാൽ ശുചിത്വമിഷനിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിയോഗം നിശ്ചിത കാലയളവിനുള്ളിൽ നടത്തിയില്ലെങ്കിൽ തുക തിരികെ നൽകേണ്ട ബാധ്യത പഞ്ചായത്തിനുണ്ട് (തുകയുടെ വിശദാംശം പ്രത്യേകം ഖണ്ഡികയായി ഉൾപ്പെടുത്തിയിരിക്കുന്നു). പഞ്ചായത്തിന് ലഭ്യമായ തുക ഈ രീതിയിൽ തിരികെ നൽകേണ്ട അവസരമൊരുക്കാതെ എത്രുവേഗം മാലിന്യസംസ്കരണ സംവിധാനം സാധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 33032 | 2199701 | 2232733 | 1506610 | 726123 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 26524643 | 26524643 | 26524643 | - |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3285600 |
| വിധവപെൻഷൻ | 7902600 |
| വാർദ്ധക്യകാല പെൻഷൻ | 9857100 |
| വികാലാംഗപെൻഷൻ | 2352500 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7902600 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 03.03.2021ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28282/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു/ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്തിന്റെ വരവുചെലവു കണക്കുകളുടേയും, രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ എന്നിവ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ട ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഓഫീസ് മീറ്റിംഗ് ചേരുന്നുണ്ട്. എന്നിരുന്നാലും ചില മേഖലകളിലെ ഇടപെടൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

- പഞ്ചായത്ത് പരിധിയിൽ ഉയർന്നു വരുന്ന പരാതികൾ സംബന്ധിച്ച് ഭരണസമിതിയിൽ തീരുമാനങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും, അവ നടപ്പാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നു. മുൻയോഗതീരുമാനങ്ങളിന്മേൽ കൃത്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിലില്ല. ഉദാഹരണമായി, ബഹു.ജില്ലാകളക്ടറുടെ പരാതിപരിഹാര അദാലത്തിലെത്തിയ ശ്രീമതി.സാഹിറ സാജുവെന്ന സ്ത്രീയുടെ പരാതിയിന്മേൽ (തന്റെ പുരയിടത്തിലേയ്ക്ക് വള്ളുവർകുന്ന് ചാലകുന്ന് റോഡിൽ നിന്ന് വെള്ളം ഒഴുകുന്നത് സംബന്ധിച്ച്) പഞ്ചായത്ത് എ.ഇ.തയ്യാറാക്കിയ റിപ്പോർട്ടിൽ കോൺക്രീറ്റ് ഭിത്തി കെട്ടി പരാതി പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. 13.05.2019 ലെ ഭരണസമിതി തീരുമാനം 4പ്രകാരം ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ എ.ഇ.യെ ചുമതലപ്പെടുത്തി. തുടർന്ന് എ.ഇ. 10000 രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിയിൽ സമർപ്പിക്കുകയും, 11.07.2019 ലെ തീരുമാനം 10 പ്രകാരം തുടർനടപടികൾക്ക് എ.ഇ.യെ ചുമതലപ്പെടുത്തി. എന്നാൽ ഓഡിറ്റ് സമയം വരെ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ചതായി/പരാതി പരിഹരിച്ചതായി എഞ്ചിനീയറിംഗ് വിഭാഗത്തിൽ അറിവില്ല.
- തനതു വരുമാനം വളരെ കുറഞ്ഞ സ്ഥാപനമാണ് കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ ചർച്ച ചെയ്ത്, തനതു വരുമാനം വർധിപ്പിക്കുന്നതിനും, കണ്ടിജെന്റ് ചെലവുകൾ പരമാവധി ചുരുക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർചർച്ചകളോ, വിലയിരുത്തലോ പിന്നീട് നടന്നിട്ടില്ല.

പഞ്ചായത്തിൽ എടുക്കുന്ന തീരുമാനങ്ങളുടെ വിലയിരുത്തലുകൾ തുടർയോഗത്തിൽ നടത്തുകയാണെങ്കിൽ ആഭ്യന്തര സംവിധാനം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ടെണ്ടർ ഫീ തുക ലഭ്യമാക്കാൻ നടപടിയില്ല

പഞ്ചായത്തിൽ വർഷങ്ങളായി നടന്നു വരുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില(ടെണ്ടർ ഫീ) നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുക ലഭ്യമാക്കുന്നതിനായി കട്ടിപ്പാറ അസി.എഞ്ചിനീയറുടെ പേരിൽ താമരശ്ശേരി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് (നമ്പർ 37741614380). ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുകയൊന്നും ലഭിച്ചില്ല. നാളിതു വരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ച വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. ആയത് കൃത്യമായി കണക്കാക്കി തുക ലഭ്യമാക്കാൻ നടപടിയെടുക്കേണ്ടതും, തുക ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-11 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറ വിസ്തീർണ്ണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം (2)

(എഫ്) പ്രകാരം തറ വിസ്തീർണ്ണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 3 (5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.

100 ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിലും 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിലും ആണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ അതിൽ നിന്ന് വിഭിന്നമായി വ്യത്യസ്ത നമ്പർ നൽകി ഒരോ കെട്ടിടത്തിന്റെ വ്യത്യസ്ത മുറികളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചതിന്റെ വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| കെട്ടിട നമ്പർ | പേര് | സഞ്ചയപ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | പഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി | പഞ്ചായത്ത് ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 6/255 എ | അബ്ദുൾ ഹമീദ്, മാരിലക്കണ്ടി | 15.42 | 509+26 | 771+39 |
| 6/255 ബി | അബ്ദുൾ ഹമീദ്, മാരിലക്കണ്ടി | 15.42 | 509+26 | 771+39 |
| 6/255 സി | അബ്ദുൾ ഹമീദ്, മാരിലക്കണ്ടി | 15.42 | 509+26 | 771+39 |
| 6/255 | അബ്ദുൾ | 21.426 | 673+34 | 1071+54 |

| | | | | |
|---|---|---|---|---|
| ജി | ഹമീദ്, മാരിലക്കണ്ടി | | | |
| 6/255 എച്ച് | അബ്ദുൾ ഹമീദ്, മാരിലക്കണ്ടി | 21,426 | 673+34 | 1071+54 |
| 6/255 എസ് | അബ്ദുൾ ഹമീദ്, മാരിലക്കണ്ടി | 21,426 | 673+34 | 1071+54 |

മേൽ വിവരിച്ച പ്രകാരം നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി അപേക്ഷകനിൽ നിന്ന് ഈടാക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗത്തിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടക്കുവാൻ ബാദ്ധ്യസ്ഥരാണ്.

പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്ന് 2019-20 കാലയളവിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

സ്ഥാപനങ്ങളുടെ പേര് വിവരം

1. സപ്ലൈകോ - Ist Half
2. ഇംദാസ് എനർജി സൊല്യൂഷൻ - Ist Half & IInd Half
3. അൽഫ ട്രേഡേഴ്സ് - Ist Half & IInd Half

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കേളൻമൂല ചെവിടംപൊയിൽ റോഡ്- പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം

പ്രോജക്ട് നമ്പർ : 173/20

ഫണ്ടിനം : 250000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 250000 (ബിൽ നം.18/19-20/27.06.2019)

2018 ജൂൺ മാസത്തിൽ ടെണ്ടർ ചെയ്ത് എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.റെജി.സി.ജെ. എന്നവർക്ക് പ്രവൃത്തി അനുവദിച്ചു. 13.07.2018 ലെ നം.2/18-19 പ്രകാരം കരാറിലേർപ്പെടുകയും, 13.07.2018 ന് സൈറ്റ് കൈപ്പറ്റുകയും ചെയ്തു. എം.ബുക്ക് 78/18-19 പ്രകാരം ഈ പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് 04.02.2019 ൽ മാത്രമാണെന്ന് കാണാം. പ്രവൃത്തി പൂർത്തീകരിച്ച് 21.02.2019 ന് ചെക്ക് മെഷർ നടന്നിട്ടുണ്ട്. എന്നാൽ തൻവർഷം തുക അനുവദിക്കാതെ സ്പിൽഓവർ പദ്ധതിയായി തുടർവർഷത്തിലാണ് ബിൽതുക നൽകിയത്. പദ്ധതി സ്പിൽഓവർ ആകാനുള്ള കാരണവും, സൈറ്റ് കൈപ്പറ്റി ഏഴ മാസത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്നതിന്റെ കാരണവും വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ

ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നില്ല.

പഞ്ചായത്ത് പ്രദേശത്തെ ചുണ്ടൻകുഴി നടുകുന്ന് റോഡിനായി 2019-20 വർഷത്തിൽ രണ്ടു പ്രോജക്ടുകളിൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു

| പ്രോജക്ട് നമ്പർ | അടങ്കൽ/ഫണ്ടിനം | കരാറുകാരൻ | ചെലവ് |
|---|---|---|---|
| 174/20 | 400000, ധനകാര്യ കമ്മീഷൻഗ്രാന്റ് | അബ്ദുൾ സത്താർ.പി.എം | 400000, ബിൽ നം.37/ 19-20/ 29.10.19 |
| 63/20 | 300000, ധനകാര്യ കമ്മീഷൻഗ്രാന്റ് | അബ്ദുൾ സത്താർ.പി.എം | 297182, ബിൽ നം.56/ 19-20/ 27.02.20 |

മേൽ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും, നിർവ്വഹണത്തിലും കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

മുകളിൽ വിവരിച്ചതിൽ ഒന്നാമത്തെ പദ്ധതിയുടെ എസ്റ്റിമേറ്റിൽ 155 മീറ്ററിൽ ടാറിംഗ് പ്രവൃത്തിയും (WMM, Prime Coat, Tack Coat, MSS),5 മീറ്റർ നീളത്തിൽ ഡ്രൈനേജിനുള്ള എൻ.പി.3 ആർ.സി.സി. പൈപ്പിന്റെ (750mm) വിലയുമാണുള്ളത്. 2018 ഒക്ടോബർ മാസം ടെണ്ടർ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തിയേൽപ്പിക്കുകയും, കരാറിലേർപ്പെട്ട് സൈറ്റ് കൈമാറുകയും ചെയ്തു(എഗ്രി.നം.51/18-19, തി.3.11.2018). എന്നാൽ ഇതിനുശേഷം ഡിസംബർ മാസത്തിൽ എസ്റ്റിമേറ്റ് പുതുക്കിയാണ് നിർമ്മാണം ആരംഭിച്ചത്. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കാരണമായി രേഖപ്പെടുത്തിയത്, “വെള്ളം കയറുന്ന സ്ഥലമായതിനാൽ സൈഡ് കെട്ടി റോഡ് ഉയർത്തേണ്ടതുണ്ടെന്നും, ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്താൻ സാധിക്കില്ല എന്നുമാണ്”.

തുടർന്ന് സൈഡ് കെട്ടുന്നതിന് ഡ്രൈറബിൾ മേസൻറിയും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി. വകയിരുത്തിയ തുകയിൽ നിജപ്പെടുത്തി പുതുക്കിയതിനാൽ വിഭാവനം ചെയ്ത 155 മീറ്റർ എന്നത് 50.35 മീറ്ററായി ചുരുങ്ങി. കൂടാതെ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ എൻ.പി.3 ആർ.സി.സി. പൈപ്പിനു പകരം, നോൺ പ്രഷർ എൻ.പി.2 പൈപ്പ്(500mm) ഉൾപ്പെടുത്തി. തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച് തുക നൽകാനാകാത്തതിനാൽ തുടർവർഷത്തേയ്ക്ക് സ്പിൽഓവർ ആക്കേണ്ടി വന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റപാകതകൾ താഴെ പറയുന്നവയാണ്,

- 2012 ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 1601.1.2 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. ഈ പ്രവൃത്തിയുടെ കാര്യത്തിൽ സൈറ്റ് പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്.

- മേൽ മാന്വലിലെ സെക്ഷൻ 2008 പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിനു മുമ്പേ കരാറുകാരൻ പ്രവൃത്തി സ്ഥലം പരിശോധിച്ച് സാധനങ്ങളുടെ ലഭ്യതയും, മറ്റു ബുദ്ധിമുട്ടുകളൊന്നും ഇല്ലെന്ന് ഉറപ്പു വരുത്തിയാണ് പ്രവൃത്തിയ്ക്കുള്ള ടെണ്ടർ സമർപ്പിക്കേണ്ടത്. കരാറുകാരും സ്ഥലം പരിശോധിച്ചല്ല നിരക്ക് സമർപ്പിച്ചതെന്ന് വ്യക്തമാണ്.
- ആദ്യ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ ഡ്രൈനേജ് പൈപ്പ് പുതുക്കിയ എസ്റ്റിമേറ്റിൽ/ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

രണ്ടാമത്തെ പദ്ധതിയിൽ 78 മീറ്റർ നീളത്തിൽ രണ്ടു വശങ്ങളിലായി സൈഡ് വാൾ കെട്ടുന്നതും, റോഡ് മണ്ണ് ഫില്ലിംഗുമാണ് ഉൾപ്പെട്ടത്. പ്രവൃത്തി ടെണ്ടർ ചെയ്ത് മേൽ കരാറുകാരന് അനുവദിച്ചു. 2019 സെപ്റ്റംബർ മാസത്തിൽ ടെണ്ടർ നടത്തി കരാറിലേർപ്പെടുകയും, സൈറ്റ് കൈമാറുകയും ചെയ്തു. പ്രവത്തി ഫയൽ പരിശോധിച്ചപ്പോൾപ്രവൃത്തി ആരംഭിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കിയതായും, ഇതുപ്രകാരം ആദ്യം വിഭാവനം ചെയ്ത 78 മീറ്ററിനു പകരം 42 മീറ്റർ ദൂരത്തിൽ മാത്രമാണ് പ്രവൃത്തി നടന്നതെന്നും കാണുന്നു. പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കാരണമായി രേഖപ്പെടുത്തിയത് "അനിവാര്യമായ ചില ഭേദഗതികൾ വേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നാണ്". എന്നാൽ എസ്റ്റിമേറ്റ് പരിശോധിച്ചാൽ ഡ്രൈറബിൾ മേസൻറിയുടെ ഐറ്റം തെറ്റായി ഉൾപ്പെടുത്തിയതിനാലാണ് (ഡിപ്പാർട്ട്മെന്റ് കല്ല് ഉപയോഗിച്ചുള്ള ലേബർ കംപോണന്റ് മാത്രമുള്ളത്) പുതുക്കേണ്ടി വന്നതെന്ന് വ്യക്തമാകും. ഇതുമൂലം ആദ്യ എസ്റ്റിമേറ്റ് തുകയുടെ 50% മൂല്യത്തിലുണ്ടായിരുന്ന ഈ പ്രവൃത്തി പുതുക്കിയപ്പോൾ 75% ഇതിനായി മാറ്റി വയ്ക്കേണ്ടി വന്നു.

മേൽ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുണ്ടായ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14-1 കരാറുകാരന് അധിക തുക നൽകി

പ്രോജക്ട് നമ്പർ 174/20ൽ സബ്ഗ്രേഡ് ഫോർമേഷനായി കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാത്തതിനാൽ കരാറുകാരന് അധികം തുക അനുവദിച്ചിട്ടുണ്ട്. അളവു പുസ്തകം 80/18-19 പേജ് 2 പ്രകാരം 6.4 ഘന.മീ. മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നിട്ടുണ്ട്. പേജ് 14 ൽ സബ്ഗ്രേഡ് ഫോർമേഷൻ/എർത്തൻ ഷോൾഡർ നിർമ്മാണത്തിന് 139.62 ഘന.മീ. മണ്ണ് ഉപയോഗിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. അളവു പുസ്തകം 83/18-19 പേജ് 4 ൽ 139.62 ഘന.മീ.പ്രവൃത്തിയ്ക്ക് 428.59 രൂപ നിരക്കിൽ 59839.73 രൂപ കണക്കാക്കി കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ കുഴിച്ചെടുത്ത് മണ്ണ് ഈ പ്രവൃത്തിയ്ക്ക് ഉപയോഗിച്ചിട്ടില്ല. ആയതിന്റെ കാരണം വ്യക്തമല്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതും, കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതു വഴി കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-14-2 പൊതു അപാകതകൾ

മുൻഖണ്ഡികയിൽ വിവരിച്ച പ്രകാരം ഒരേ റോഡ് പ്രവൃത്തിയ്ക്ക് രണ്ടു പ്രോജക്ട് നടത്തിയതിനാൽ ഉണ്ടായ മറ്റപാകതകൾ ചുവടെ പറയുന്നു,

- മേൽ രണ്ടു പ്രവൃത്തികളുടെ ആദ്യ എസ്റ്റിമേറ്റിൽ ചൈനേജ് കാണിച്ചിരിക്കുന്നത് Ch00 To Ch155 എന്നും, Ch00 To Ch78 എന്നുമാണ്. എന്നാൽ രണ്ടു പ്രവൃത്തികളിലും എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തിയപ്പോൾ ഏതു ചൈനേജിലാണ് നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല(എസ്റ്റിമേറ്റിലും, അളവു പുസ്തകങ്ങളിലും). അതുകൊണ്ടു തന്നെ പ്രവൃത്തികളിൽ ഇരട്ടിപ്പു വന്നിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനായില്ല.
- പഞ്ചായത്തിൽ നടന്നിട്ടുള്ള ഇ-ടെണ്ടർ പ്രവൃത്തികളുടെ നിരക്കുകൾ പരിശോധിച്ചാൽ എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന്

വ്യക്തമാകും. രണ്ടു വർഷങ്ങളിലായി ചെറിയ അടങ്കലിൽ പ്രവൃത്തി വിഭാവനം ചെയ്തതിനാൽ മേൽ രണ്ടു പ്രവൃത്തിയും ഇ-ടെണ്ടർ നടത്താതെ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരനെ ഏൽപ്പിച്ചു. പദ്ധതി സമഗ്രമായി ഒറ്റ പ്രോജക്ടായി വിഭാവനം ചെയ്തിരുന്നെങ്കിൽ ഇതും ഇ-ടെണ്ടർ നടത്തി പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം ഉറപ്പു വരുത്താമായിരുന്നു. പഞ്ചവത്സര പദ്ധതിയെ അടിസ്ഥാനപ്പെടുത്തി, തുടർവർഷങ്ങളിലെ ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാടിസ്ഥാനത്തിലല്ല വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. മറിച്ച് ഫണ്ടിന്റെ ചെറിയ തോതിലുള്ള വിന്യാസമാണ് പഞ്ചായത്ത് അടിസ്ഥാനമാക്കുന്നതെന്ന് മനസ്സിലാകുന്നു.

മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-15 എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെട്ടതിനാൽ റോഡ് നിർമ്മാണം പരിമിതപ്പെടുത്തിയതും, മറ്റപാകതകളും

പ്രോജക്ട് : പത്തേക്കർ മിച്ചഭൂമി റോഡ് , 167/20

അടങ്കൽ : 6,61,271/-വികസനഫണ്ട് എസ്.സി.പി.

പത്തേക്കർ മിച്ചഭൂമി റോഡ് പാർശ്വഭിത്തി കെട്ടി ഗതാഗതയോഗ്യമാക്കുന്നതിന് 2018-19 വർഷത്തിൽ വിഭാവനം ചെയ്തതാണ് ഈ പ്രോജക്ട്. 7,00,000/- രൂപയുടെ എസ്റ്റിമേറ്റിന് നം.94788/2018-19 പ്രകാരം സാങ്കേതികാനുമതി ലഭിച്ചു. 160 മീറ്റർ നീളത്തിൽ റോഡിന് ഡ്രൈ റബിൾ സൈഡ് വാൾ കെട്ടി ആ നീളത്തിൽ ടാറിംഗ് നടത്തുന്നതാണ് പദ്ധതി. 2018 ഡിസംബർ മാസത്തിൽ ഇതിനായി ഇ-ടെണ്ടർ നടത്തി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ സത്താർ.പി.എം. എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിക്കുകയും, 07.01.2019 ലെ നമ്പർ 53/18-19 എഗ്രിമെന്റ് പ്രകാരം കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതി ഫയൽ പരിശോധിച്ചതിൽ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് 29.02.2019 ലെ തീരുമാനം 2(3) പ്രകാരം റിവൈസ് ചെയ്യുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു കാരണമായി രേഖപ്പെടുത്തിയത്, "പാർശ്വഭിത്തി നിർമ്മിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രവൃത്തിയിൽ വ്യതിയാനം വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നാണ്". രണ്ടു എസ്റ്റിമേറ്റുകൾ താരതമ്യപ്പെടുത്തിയതിൽ, അസി.എഞ്ചിനീയറുടെ അശ്രദ്ധ കൊണ്ടു വന്ന പിഴവാണ് ഇതിനു കാരണമായതെന്ന് വ്യക്തമാകുന്നു. ആദ്യ എസ്റ്റിമേറ്റിൽ ഡ്രൈറബിൾ മേസൻറിയ്ക്കായി ഉൾപ്പെടുത്തിയ ഇനത്തിൽ (ഒബ്സേർവ്ഡ് ഡാറ്റ Od379686/2018-19) കല്ലിന്റെ വില ഉൾപ്പെടാതെ ലേബർ കംബോണന്റ് മാത്രമാണ് ഉൾപ്പെടുത്തിയത്. കോസ്റ്റ് ഇൻഡക്സ് 37.25% ൽ ഒരു ഘനമീറ്റർ പ്രവൃത്തിയ്ക്ക് 1023.01 രൂപയാണ് മേൽ ഇനത്തിന് കണക്കാക്കിയത്. പിന്നീട് എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ഈയിനം ഒഴിവാക്കി എക്സ്ട്രാ ഇനമായി( ഒ.ഡി.379660/2018-19) 2744.23/ഘനമീറ്റർ നിരക്കിൽ ഡ്രൈറബിൾ പ്രവൃത്തി ഉൾപ്പെടുത്തി. നിരക്കിലുണ്ടായ വൻമാറ്റം മൂലം വിഭാവനം ചെയ്ത അളവ് പരിമിതപ്പെടുത്തി.
- ആദ്യ എസ്റ്റിമേറ്റ് പ്രകാരം 216 ഘനമീറ്റർ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തുകയുടെ 31.57% തുകയായ 220970.16 രൂപയാണ് ഈയിനം പ്രവൃത്തിയ്ക്ക് കണക്കാക്കിയത്. പുതുക്കിയ എസ്റ്റിമേറ്റിൽ (യഥാർത്ഥത്തിൽ നടന്നത്) ഈ പ്രവൃത്തി 166 ഘനമീറ്റർ മാത്രമാണുള്ളത്. എന്നാൽ ആകെ അടങ്കലിന്റെ 65.1% തുകയും (4,55,542.18രൂപ) ഈ പ്രവൃത്തിയ്ക്കായി മാറ്റി വയ്ക്കേണ്ടി വന്നു. അതുകൊണ്ടു തന്നെ പ്രോജക്ടിൽ വിഭാവനം ചെയ്ത അളവിൽ പ്രവൃത്തി നടത്താനായില്ല. 160 മീറ്റർ നീളത്തിൽ ടാറിംഗ് വിഭാവനം ചെയ്തതിൽ 60 മീറ്റർ ദൂരമാണ് യഥാർത്ഥത്തിൽ ചെയ്യാനായത്.

- ഇ-ടെണ്ടറിൽ പങ്കെടുത്ത മൂന്നു കരാറുകാരിൽ പ്രവൃത്തി ഏൽപ്പിച്ച കരാറുകാരൻ ആകെ അടങ്കലിന്റെ 5.49% കുറവ് നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയത്. മേൽ ഇനത്തിന് 1003 രൂപയാണ് ഇദ്ദേഹം ക്വാട്ട് ചെയ്തത്. എന്നാൽ മറ്റൊരാൾ ഈയിനത്തിന് 1000 രൂപ ക്വാട്ട് ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ സംവിധാനത്തിൽ എസ്റ്റിമേറ്റിലെ ഇനങ്ങൾ മാത്രമാണ് കരാറുകാർക്ക് കാണാനാകുക. ഒരോയിനത്തിനും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിരക്ക് ലഭ്യമാകില്ല. എന്നിട്ടും ഒരോ കരാറുകാരനും രേഖപ്പെടുത്തിയ നിരക്കുകൾ തെറ്റായി എസ്റ്റിമേറ്റിൽ കണക്കാക്കിയ ഇനത്തിന്റെ നിരക്കിനോട് ചേർന്നു പോകുന്ന നിരക്കുകളാണെന്ന് കാണാം. യഥാർത്ഥത്തിൽ 2800 രൂപയോളം വരുന്ന നിരക്ക് 1023 രൂപ മാത്രമായി എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടും, എസ്റ്റിമേറ്റിലെ നിരക്കിനോട് അടുത്തു വരുന്ന നിരക്ക് കരാറുകാർ ക്വാട്ട് ചെയ്തത് ടെണ്ടർ നടപടിയിലെ സുതാര്യയിൽ സംശയമുളവാക്കുന്നു.
- റിവൈസ്ഡ് എസ്റ്റിമേറ്റിൽ മൂന്നിനങ്ങൾ എക്രായിനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ 37% മാത്രം വന്ന ഇനമാണ് പുതുക്കിയ എസ്റ്റിമേറ്റിൽ ഭൂരിഭാഗം പ്രവൃത്തിയായി ഉൾപ്പെട്ടത്. ആദ്യ എസ്റ്റിമേറ്റിന്റെ അടങ്കലിനെ അടിസ്ഥാനപ്പെടുത്തി ടെണ്ടർ കുറവ് കണക്കാക്കുകയും, കരാറുകാരനെ തെരെഞ്ഞെടുക്കുകയും ചെയ്തപ്പോൾ, മേൽ ഇനത്തിന് യാഥാർത്ഥത്തിൽ കുറവ് രേഖപ്പെടുത്തിയ കരാറുകാരൻ ഒഴിവാക്കപ്പെടുകയും, പഞ്ചായത്തിന്റെ സാമ്പത്തിക നേട്ടം ഉറപ്പാക്കാനാകാതെയും വന്നു.

മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-16 അസി.എഞ്ചിനീയർ -തൻവർഷ പദ്ധതികളുടെ ചെലവ് തുച്ഛം

2019-20 വർഷത്തിൽ അസി.എഞ്ചിനീയർക്ക് ആകെ 124 പ്രോജക്ടുകളാണ് നിർവ്വഹിക്കാനുള്ളത്. ഇതിൽ 44 എണ്ണം സ്പിൽഓവർ പദ്ധതികളാണ്. തൻവർഷം ചെലവു നടന്ന ആകെ 67 പ്രോജക്ടുകളിൽ 40 എണ്ണവും സ്പിൽഓവറാണ്. തൻവർഷത്തെ ചെലവു ശതമാനം കണക്കാക്കിയാൽ 73% ചെലവും നടന്നിട്ടുള്ളത് സ്പിൽഓവർ പദ്ധതികൾക്കു വേണ്ടിയാണ്. ഫണ്ട് തിരിച്ച വിവരം ചുവടെ കൊടുക്കുന്നു,

| ഫണ്ടിനം | ആകെ ചെലവ് | സ്പിൽഓവർ ചെലവ് | തൻവർഷ ചെലവ് | സ്പിൽഓവർ പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 2091076 | 2078429 | 12647 | 99.36% |
| വികസനഫണ്ട് എസ്.സി.പി. | 907129 | 907129 | -- | 100% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6514960 | 3610367 | 2904593 | 55.42% |
| സംരക്ഷണഗ്രാന്റ് റോഡ് | 1974269 | 1717084 | 257185 | 87% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 2602936 | 1967215 | 635721 | 75.6% |
| ആകെ | 14090370 | 10280224 | 3810146 | 73% |

മേൽ വിവരിച്ച പ്രകാരം തൻവർഷ പദ്ധതികളിൽ ചെലവു ശതമാനം കുറയാനുണ്ടായ പ്രധാന കാരണം സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടക്കാത്തതാണ്. സാമ്പത്തിക വർഷാരംഭത്തിനും മൂന്ന മാസം മുൻപേ വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നുണ്ട്. എന്നാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുതി ലഭ്യമാക്കൽ, തുടർന്ന് ടെണ്ടർ നടപടികൾ എന്നിവ സമയബന്ധിതമായി നിർവ്വഹിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു. പദ്ധതികളുടെ ബാഹുല്യം മറ്റൊരു കാരണമാണ്. 2019-20 വർഷത്തിൽ വിഭാവനം ചെയ്ത 209 പദ്ധതികളിൽ 124 പദ്ധതിയും അസി.എഞ്ചിനീയർ നിർവ്വഹണം നടത്താനുള്ളവയാണ്. പഞ്ചായത്തിന്റെ ആവശ്യകത ആകെ കണക്കാക്കി, വലിയ അടങ്കലിൽ പദ്ധതികൾ സമഗ്രമായി രൂപീകരിക്കാതെ വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസമാണ് കണ്ടു വരുന്നത്. ആകെ 124 പദ്ധതികളിൽ അഞ്ചു ലക്ഷത്തിനു മുകളിൽ അടങ്കലിൽ എട്ടു പദ്ധതികൾ മാത്രമാണുള്ളത്. എഴുപതിലധികം പദ്ധതികളും രണ്ടര ലക്ഷമോ അതിൽ താഴെയോ അടങ്കലുള്ളവയാണ്. അംഗൻവാടികൾ, വിവിധ റോഡുകൾ എന്നിവയ്ക്ക് ഓഡിറ്റ് വർഷത്തിൽ ഒന്നിലധികം പദ്ധതികളിൽ ചെലവു കാണുന്നു. ഒരെണ്ണം മുൻവർഷത്തെ പദ്ധതി സ്പിൽഓവർ ആയതാണെങ്കിൽ മറ്റേത് തൻവർഷം പുതുതായി രൂപീകരിച്ചതായിരിക്കും. ഒരേ കെട്ടിടത്തിൽ/റോഡുകളിൽ വിവിധ വർഷത്തിൽ ചെറിയ അടങ്കലിൽ പദ്ധതികൾ വിഭാവനം ചെയ്യാതെ ഇവ ബഹുവർഷ പദ്ധതികളായി വിഭാവനം ചെയ്യുന്നത് പദ്ധതികളുടെ ബാഹുല്യം കുറയ്ക്കുന്നതിന് സഹായകമാകും.

മേൽ രീതിയിൽ പദ്ധതി നിർവ്വഹണത്തിലെ കാലതാമസം മൂലം പ്രവർത്തി പൂർത്തീകരിച്ചിട്ടും തുക നൽകാനാവാത്ത അവസ്ഥയും ഉണ്ടായിട്ടുണ്ട്. ക്യൂ ബില്ലുകളായി തുടർവർഷത്തിലെ ഫണ്ടിൽ നിന്നും ചെലവു നടത്തുക വഴി തുടർവർഷത്തെ പദ്ധതികൾക്ക് തുക തികയാത്ത അവസ്ഥയും, അതതു വർഷം ചെലവു നടത്താത്തതു വഴി ഫണ്ടിന്റെ നഷ്ടപ്പെടുത്തലിനും കാരണമാകുന്നു. മേൽ അപാകതകൾ പരിഹരിക്കും വിധം തുടർവർഷങ്ങളിൽ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

<u>1-17 പണം അടവാക്കി വർഷം കഴിഞ്ഞിട്ടും പ്രിന്ററും ലാപ്ടോപ്പും ലഭിച്ചില്ല.</u>

പ്രൊജക്ട് നമ്പർ-06/20

പ്രൊജക്ടിന്റെ പേര്- ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറൈസേഷൻ

വകയിരുത്തിയ തുക- 400000/-(വികസനഫണ്ട്)

ചെലവ്- 133431/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന് താഴെ കൊടുത്തപ്രകാരം പണം നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയും താഴെ കാണിച്ച സാധനങ്ങൾ ലഭിച്ചിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉപകരണത്തിന്റെ പേര് | തുക | ഇൻവോയ്സ് നമ്പർ,തിയ്യതി | ട്രഷറി ബിൽ വിവരം |
|---|---|---|---|---|
| 1 | A4 Multifunction Printer | 14726/- | 11890/27.11.19 | 30600/6.2.20 Rs.44178/- |
| 2 | A4 Multifunction Printer | 14726/- | 13136/31.12.19 | |
| 3 | A4 Multifunction Printer | 14726/- | 11889/27.11.19 | |
| 4 | Epson.V.39.Scanner | 6440/- | 720/28.02.20 | 3182/31.3.20 |

| | | | | |
|---|---|---|---|---|
| | | | | Rs.6440/- |

പ്രിന്ററും സ്കാനറും ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.ചെലവുതുക 50618/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 പദ്ധതിയേതരചെലവിന് പദ്ധതി പണം ചെലവഴിച്ചു.

പ്രൊജക്ട് നമ്പർ-01/20

പ്രൊജക്ടിന്റെ പേര്-പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ്

വകയിരുത്തിയ തുക-122360(വികസനഫണ്ട്)55000/-(തനത് ഫണ്ട്)

ചെലവ്- 129430/-(89145 -വി.ഫ.+40285/- തനത്ഫണ്ട്)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപദ്ധതി പ്രകാരം 5.03.20 ന് 96116-ാംനമ്പർ ബിൽ പ്രകാരം പിൻവലിച്ച 27799/-രൂപയിൽ 5142/- രൂപ പദ്ധതിയേതര ചെലവിനായി വിനിയോഗിച്ചതായി കാണുന്നു.പ്രസ്തുത തുക കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന്റെ ആശ്രയപദ്ധതിയുടെ പഞ്ചായത്ത്തല ഉത്ഘാടനത്തിന് മൾട്ടികളർ ബ്രോഷർ അച്ചടിച്ച വകയിലുള്ള ചെലവിനത്തിൽ റീജിയണൽ ഓഫ്സെറ്റ് പ്രിന്റേഴ്സിന് നൽകിയതാണ്.(ഇൻവോയ്സ് നമ്പർ 257/18.10.19)

പ്രൊജക്ടുമായി ബന്ധമില്ലാത്ത ചെലവ് പ്രൊജക്ടിലുൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സത്തിൽവെക്കുന്നു.

## 1-19 തെരുവു വിളക്ക് മെയിന്റനൻസ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ-160/20

പ്രൊജക്ടിന്റെ പേര്- തെരുവു വിളക്ക് മെയിന്റനൻസ്

വകയിരുത്തിയ തുക-280000/-(FCG)

ചെലവ്- Bill No-9416/19.8.19 Rs.1,50000/-

Bill No-6235/31.03.20 Rs.1,25580/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ടിൽ ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ സാധനങ്ങൾ വാങ്ങി റിപ്പയർ ചെയ്ത് പുനസ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടത്.ആയതുപ്രകാരം ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ടുചെയ്ത ശ്രീ.രാജീവൻ.കെ.സി, തേജസ് ഇലക്ട്രിക്കൽസ് എന്നയാൾക്ക് വർക്ക് ഏൽപ്പിച്ച നൽകി. സ്ഥാപനത്തിന്റെ 20.07.19 ലെ 001നമ്പർ ഇൻവോയ്സ് പ്രകാരം 1x36 W Automatic Lightset 332 എണ്ണവും 2x11 W Automatic Lightset 46 എണ്ണവും അറ്റകുറ്റപ്പണി നടത്തി പുനസ്ഥാപിച്ചതിന് 275580/-രൂപ ക്ളെയിം ചെയ്യുകയും മേൽ ബില്ലുകളിലൂടെ തുക അനുവദിക്കുകയും ചെയ്തു.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
2. നിലവിലെ തെരുവ് വിളക്ക് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്ത പരിശോധന നടത്തി വിശദാംശം തയ്യാറാക്കിയിട്ടില്ല.
3. ടെണ്ടർ ക്ഷണിച്ചതും കരാറുകാരൻ റേറ്റ് ക്വാട്ട്ചെയ്തതും 2x15CFL Automatic Lightset നാണ്.എന്നാൽ കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സിൽ റിപ്പയർ ചെയ്തതായി കാണിച്ചതും പണം നൽകിയതും 2x11 W Automatic Lightset നാണ്.

4. കരാറുകാരൻ റിപ്പയർ ചെയ്ത് പുനസ്ഥാപിച്ചു എന്ന് അവകാശപ്പെടുന്ന ലൈറ്റുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് പരിശോധിച്ച് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 275580/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 ലാപ് ടോപ്പ് വിതരണം -- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ടിന്റെ പേര് -- വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ (പട്ടികജാതി വിഭാഗം)

പ്രൊജക്ടിന്റെ നമ്പർ -- 17/20

വകയിരുത്തിയ തുക ചെലവ് തുക

എസ്.സി.പി -300000/- Bill No. 58762/27.2.20 227030/-

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ താമസക്കാരായ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക്, സർക്കാർ,എയ്ഡഡ്,സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ, പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ലാപ് ടോപ്പ് നൽകുകയാണ് ലക്ഷ്യം.

ആയതുപ്രകാരം കെൽട്രോണിൽ നിന്നും ഒരു ലാപ് ടോപ്പിന് 22703/-രൂപ പ്രകാരം 10 ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തു.

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ)22/2018 നമ്പർസബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് എക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയിഡഡ്, സ്വാശ്രയസ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 30,000/-രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്.

എന്നാൽ സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്ത കോഴ്സായ ANM Nursing പഠിക്കുന്ന സ്നേഹ രവീന്ദ്രൻ, കാരപ്പറ്റപ്പുറായിൽ, ചമൽ എന്ന വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് നൽകിയിട്ടുണ്ട്.

അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ലാപ്ടോപ് നൽകിയതിന് വിശദീകരണം ലഭ്യമാക്കാണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 22703/-രൂപ തടസ്സത്തിൽവെക്കുന്നു.

## 1-21 കായികരംഗത്തെ സമഗ്രവികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

1.പ്രൊജക്ടിന്റെ പേര് -- കായികരംഗത്തെ സമഗ്രവികസനം

പ്രൊജക്ടിന്റെ നമ്പർ -- 56/2020

വകയിരുത്തിയ തുക ചെലവ് തുക

വികസനഫണ്ട്(പൊതു.) -5,00,000 Bill No.56905/തി.6.11.19 172530/-

2. പ്രൊജക്ടിന്റെ പേര് -- കായികരംഗത്തെ സമഗ്രവികസനം

പ്രൊജക്ടിന്റെ നമ്പർ -- 154/2020

വകയിരുത്തിയ തുക ചെലവ് തുക

വികസനഫണ്ട്(പൊതു.) -20254/- Bill No.7933/തി.31.08.19 18900/-

നിർവ്വഹണോദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ കായികരംഗത്തെ സമഗ്രവികസനത്തിന് ഉപകരണങ്ങൾ വാങ്ങലും പരിശീലനം നൽകുകയുമാണ് പദ്ധതികൾകൊണ്ട് ഉദ്ദേശിച്ചത്. ഗ്രാമപഞ്ചായത്തിന്റെ സ്പോർട്സ് അക്കാദമി മുഖാന്തിരം പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടത്. പരിശീലനാർത്ഥികൾക്കുള്ള ഭക്ഷണം, ഷൂ,ജഴ്സി, പരിശീലകർക്കുള്ള ചെലവ്, ഉപകരണങ്ങൾക്കുള്ള ചെലവ് എന്നിവക്കുള്ള തുക പ്രൊജക്ടിൽ വകയിരുത്തിയിരുന്നു.പ്രൊജക്ട് ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ മൂത്തോറ്റിക്കൽ ക്ഷീരോൽപാദക സഹകരണ സംഘത്തിൽനിന്നും പരിശീലനാർത്ഥികൾക്ക് പാൽ വാങ്ങിയ ചെലവ് മാത്രമാണ് നടത്തിയിട്ടുള്ളത്.

പരിശീലനം നൽകിയതിന്റെ വിവരങ്ങൾ, സ്പോർട്സ് അക്കാദമിയുടെ മിനുട്സ്, എഗ്രിമെന്റ്, പരിശീലകരുടെ വിവരങ്ങൾ, കുട്ടികളുടെ വിവരങ്ങൾ, ഹാജർ വിവരങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 എസ്.എസ്.എ - എസ്.സി.പി.വിഹിതം ആനുപാതികനിരക്കിലും അധികം നൽകി

പ്രൊജക്ടിന്റെ പേര് -- എസ്.എസ്.എ.വിഹിതം നൽകൽ

പ്രൊജക്ടിന്റെ നമ്പർ -- 16/2020

<u>വകയിരുത്തിയ തുക</u> <u>ചെലവ് തുക</u>

എസ്.സി.പി -3,00,000 Bill No.5467/തി.31.8.19 3,00,000/-

നിർവ്വഹണോദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ

എസ്.എസ്.എ പ്രൊജക്ടുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന വിഹിതം നൽകുമ്പോൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽനിന്നും വഹിക്കാവുന്നതാണ്.(സ.ഉ.കൈ.നം.11/2018|തസ്വഭവ, തീയതി.29.01.18-ഖ.5.2.1(2)) എന്നാൽ 2019-20-ൽ രണ്ടു പ്രൊജക്ടുകളിലായി 6.5 ലക്ഷം രൂപ (350,000+3,00,000) ഈയിനത്തിൽ വകയിരുത്തി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. അതായത് ആകെ ചെലവിന്റെ 46% തുകയും എസ്.സി.പി.ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. പ്രസ്തുത വർഷം ഗ്രാമപഞ്ചായത്തിലെ 7 സ്കൂളുകളിലായി പഠനം നടത്തിയ കുട്ടികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ആകെ കുട്ടികളുടെ എണ്ണം | എസ്.സി. കുട്ടികളുടെ എണ്ണം | % |
|---|---|---|
| 1332 | 196 | 14.71 |

ആകെ കുട്ടികളുടെ 14.71% പട്ടികജാതികുട്ടികളുള്ള പഞ്ചായത്തിൽ 46% എസ്.സി.പി.വിഹിതം എസ്.എസ്.എ.ക്കു വേണ്ടി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 ഗുണഭോക്തൃവിഹിതം നിർവ്വഹണോദ്യോഗസ്ഥന് തിരികെ നൽകി

വൗച്ചർ നമ്പർ-21900188/19.06.2019 തുക 25000/-

2018-19ൽ വെറ്ററനറി സർജൻ നിർവ്വഹണം നടത്തിയ പെണ്ണാട് വിതരണ പദ്ധതിയിൽ ആടിനെ കൈപ്പറ്റാത്ത ഗുണഭോക്താക്കളായ നസീമ വേണാടി, ഷെറീന വേണാടി എന്നിവർക്കും കന്നുകുട്ടി വിതരണ പദ്ധതിയിലെ ഗുണഭോക്താക്കളായ ടീസ ചാക്കോ, ഉമ്മു കൽസു, സാറ സലീം

എന്നിവർക്കും ഗുണഭോക്തൃവിഹിതം 5000/- രൂപ വീതം തിരികെ നൽകാൻ പഞ്ചായത്ത് ഭരണസമിതി (10.06.19 ലെ 14- ാം നമ്പർ) തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ മേൽ വൗച്ചർ പ്രകാരം തുക നൽകിയിരിക്കുന്നത് വെറ്ററിനറി സർജനാണ്. ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്തൃവിഹിതം അടവാക്കിയ രശീതി, കൈപ്പറ്റ് എന്നിവ പരിശോധക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുന്നു.

## 1-24 വൃദ്ധർക്ക് കട്ടിൽ-കട്ടിലുകൾ വിതരണം ചെയ്തില്ല.

പ്രൊജക്ട് നമ്പർ-109/20

പ്രൊജക്ടിന്റെ പേര്- വൃദ്ധർക്ക് കട്ടിൽ-SC

വകയിരുത്തിയ തുക- 348000/-(വികസനഫണ്ട് SCP)

ചെലവ്- 347360/-(Bill No.43618/20.01.19)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട അറുപത് വയസ്സ് കഴിഞ്ഞവർക്ക് നൽകുന്നതിനായി സിഡ്കോയിൽ നിന്നും 80 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഫയൽ, വിതരണരജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 77 കട്ടിലുകൾ മാത്രമേ നാളിതുവരെയും വിതരണം ചെയ്തിട്ടുള്ളൂ. ആവശ്യകത പരിഗണിക്കാതെ കട്ടിലുകൾ വാങ്ങുകയും വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിക്കുകയുമാണുണ്ടായത്.

ഒരു കട്ടിലിന് 4342/-രൂപ പ്രകാരം മൂന്ന് കട്ടിലിന് 13026/-രൂപ അനാവശ്യമായി ചെലവഴിച്ചതായി കാണുന്നു. വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-25 മുൻകൂർ തുക തിരികെ ഈടാക്കിയില്ല

2019-20 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്കു നൽകിയ മുൻകൂർ തുകകൾ നിലവിലും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| അക്കൗണ്ട് ഹെഡ്/ഇനം | തുക നൽകിയ വർഷം | മുൻകൂർ നൽകിയത് | തുക |
|---|---|---|---|
| 460500101 അഡ്വാൻസ് ടു ബെനിഫിഷ്യറി കമ്മിറ്റീസ് | 2009-10 | തച്ചകുന്ന്-ചീടിക്കുഴി റോഡ് നിർമ്മാണം (തുക കൈപ്പറ്റിയത് ആരെന്ന് വ്യക്തമല്ല) | 201164 |
| | | ജയപ്രകാശ്, കല്ലുള്ളതോട്-മിച്ചഭൂമി ഫുട്പാത്ത് റിപ്പയർ | 12500 |
| | | വി.കെ.അബ്ദുള്ള, തങ്ങൾകുന്ന് കുടിവെള്ളപദ്ധതി | 75000 |
| | | പി.എം.ചന്ദ്രൻ, വെള്ളിയോർമല പാത്ത് വേ നിർമ്മാണം | 12500 |
| | | സുരേഷ്, പൂതാടിക്കൽ-ചെമ്പുകര-വയലും തല പാലം | 53750 |
| 460100105 ടൂർ ട്രാവലിംഗ് അഡ്വാൻസ് | 2010-11 | ശ്രീ.ശിവാനന്ദൻ, സെക്രട്ടറി | 6100 |
| | | | |

| | |
|---|---|
| ആകെ | 361014 |

മേൽ തുക നിലവിലും അഡ്ജസ്റ്റ് ചെയ്യാതെ തുടരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-26 "ഹരികിരണം"ട്രൈബൽ ഹെൽത്ത് കെയർ പദ്ധതി - അനുകരണീയ മാതൃക

പ്രോജക്ട് നമ്പർ - 29/20

ആദിവാസി മേഖലയിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് മലയോര ഗ്രാമമായ കട്ടിപ്പാറയിൽ നടപ്പിലാക്കിയ പദ്ധതിയാണ് 'ഹരികിരണം' ആദിവാസി ഊരുകളിലെ ആരോഗ്യസംരക്ഷണം എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

കോളനി അംഗങ്ങളുടെ ആരോഗ്യസ്ഥിതി വളരെ മോശപ്പെട്ട അവസ്ഥയിലായിരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും വിളർച്ചയും തൂക്കക്കുറവും പോഷകാഹാരക്കുറവ് മൂലമുള്ള അസുഖങ്ങളും കൂടുതലായി കണ്ടിരുന്നു. മിക്കവർക്കും ത്വക്ക് രോഗങ്ങൾക്കും വാത സംബന്ധമായ രോഗങ്ങളും കൂടുതലായിരുന്നു. പക്ഷാഘാതം പോലുള്ള രോഗങ്ങളാൽ തളർന്നുകിടക്കുന്നവരും ഇവർക്കിടയിൽ ഉണ്ടായിരുന്നു. കോളനികളിലെ പൊതുവായ ഇത്തരം അവസ്ഥയ്ക്ക് പരിഹരാമായി ആയുർവേദത്തെ എങ്ങിനെ ഉപയോഗപ്പെടുത്താം എന്ന് ചിന്തിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2016 മുതൽ ഡോക്ടർമാർ എല്ലാ ആഴ്ചകളിലും കോളനികൾ സന്ദർശിച്ച് കൊണ്ടുള്ള ആയുർവേദ മെഡിക്കൽ ക്യമ്പ് പദ്ധതി ഹരികിരണത്തിന് രൂപം നൽകി.

പദ്ധതിയിൽ രോഗപരിശോധനകൾക്കും ചികിത്സക്കും മരുന്ന് വിതരണത്തിനുമപ്പുറം അവരുടെ ആഹാരശീലങ്ങൾക്കും ജീവിത ശൈലിക്കും വ്യക്തി ശുചിത്വത്തിനും പ്രാധാന്യം നൽകുകയും പരിശീലനങ്ങളും ബോധവൽക്കരണ പരിപാടികളും ഉൾപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കുകയും ചെയ്തു. ആയുർവേദ സ്പെഷ്യാലിറ്റി ചികിത്സകളായ ത്വക്ക് രോഗം, സ്ത്രീരോഗം, ബാലചികിത്സ, ആയുർവേദ പാലിയേറ്റീവ് പരിചരണം എന്നിവയും ലഭ്യമാക്കാൻ സാധിച്ചു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. കോളനികളിൽ മുതിർന്നവരിലും കുട്ടികളിലും കണ്ടുവന്നിരുന്ന ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനായി ഡി-അഡിക്ഷൻ പ്രോഗ്രാമുകളും കൗൺസിലിംഗും ഒരുക്കിയത് പദ്ധതിയുടെ വിജയത്തിന് ആക്കം കൂട്ടി.

2016-17 മുതൽ ഗ്രാമപഞ്ചായത്ത് ഹരികിരണം പ്രോജക്ടിനായി വകയിരുത്തിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 2016-17 | 2,12,600 |
| 2017-18 | 2,22,000 |
| 2018-19 | 2,24,000 |
| 2019-20 | 1,80,000 |
| 2020-21 | 1,85,000 |

ഈ പദ്ധതിക്കുവേണ്ടി വകയിരുത്തി ചെലവഴിച്ച തുകയുടെ വലിപ്പത്തേക്കാൾ എത്രയോ മടങ്ങ് കൂടുതലാണ് പദ്ധതിവഴി കോളനിവാസികൾക്ക് ലഭിച്ച സേവനങ്ങൾ.കോളനിവാസികളല്ലാത്തവരെ കണ്ടാൽ കാട്ടിലേക്ക് ഓടി ഒളിച്ചിരുന്ന ഇവരെ പൊതുസമൂഹത്തിലേക്ക് അടുപ്പിക്കുന്നതിനും പഠനം മുടങ്ങിപോകുന്ന കുട്ടികളെ സാമൂഹ്യനീതിവകുപ്പിന്റെ സ്റ്റുഡന്റ്സ് ഹോമിൽ ചേർത്ത് പഠനത്തിനുള്ള സൗകര്യങ്ങൾ

ഒരുക്കുന്നതിനും പദ്ധതി ഏറെ സഹായിച്ചു. ആദിവാസി മേഖലയിലെ ആരോഗ്യ സ്ഥിതിയും ജീവിത സാഹചര്യങ്ങളും വളരെയധികം മെച്ചപ്പെടുകയും പകർച്ച വ്യാധികളും ത്വക്ക് രോഗങ്ങളും പാടെ ഇല്ലാതാക്കാൻ സാധിക്കുകയും ചെയ്തത് പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.ഹരികിരണം പദ്ധതി വഴി കാക്കണഞ്ചേരി ഊരിൽ താമസിക്കുന്ന കുടുംബങ്ങളെ കടൽ കാണിക്കുന്നതിനായി ഏകദിന ഉല്ലാസയാത്രയും നടത്തുകയുണ്ടായി.

ഡോക്ടറുടെ ജോലി ആശുപത്രിയിൽ മാത്രം ഒതുങ്ങുന്ന ചികിത്സയല്ലെന്നും കിടപ്പിലായ രോഗികളെ തേടി വീടുകൾ കയറിയിറങ്ങി, ആദിവാസി ഊരുകളിൽ മരുന്നും ഭക്ഷണവുമായി എത്തി സേവനത്തിന്റെ മഹത്തായ മാതൃക സൃഷ്ടിച്ച ഡോ.പ്രവീണാണ് ഹരികിരണം പദ്ധതിയുടെ ജീവാത്മാവും പരാമാത്മാവും. 2017 ലെ മികച്ച നിർവഹണ ഉദ്യോഗസ്ഥനുള്ള അവാർഡും അദ്ദേഹം കരസ്ഥമാക്കി. അന്താരാഷ്ട്ര ആയുഷ് കോൺക്ലേവിൽ ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ മികച്ച രണ്ടാമത്തെ പദ്ധതിയായി ഹരികിരണത്തെ തെരെഞ്ഞെടുക്കുകയും പ്രശസ്തി പത്രവും ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും ലഭിച്ചു.

ഈ പദ്ധതിക്കാവശ്യമായ മാൻ പവറും ഫണ്ടും വകയിരുത്തി ശക്തിപ്പെടുത്താവുന്നതും സംസ്ഥാനമൊട്ടാകെ ആദിവാസി മേഖലകളിൽ നടപ്പിലാക്കാവുന്നതാണ്.

<u>1-27 വന്യജീവികൾക്കെതിരെ ഫെൻസിംഗ്-നൂതന പദ്ധതി - മാതൃകാപരമായി നടപ്പാക്കി</u>

പ്രോജക്ട് നമ്പർ 52/20

2016-17 മുതൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വന്യജീവികൾക്കെതിരെ ഫെൻസിംഗ് എന്നത്. കൃഷിസ്ഥലം ഫെൻസിംഗ് ചെയ്ത് സുരക്ഷിതമാക്കി കൃഷിയെ പ്രോൽസാഹിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം.

വയനാടൻ മലനിരകളോട് ചേർന്ന് 28 ചതുരശ്ര കിലോമീറ്ററിലായി മലകളാൽ സമൃദ്ധമായി കിടക്കുന്ന കുടിയേറ്റ കാർഷിക പഞ്ചായത്താണ് കട്ടിപ്പാറ. വന്യജീവി സംരക്ഷണ നിയമങ്ങൾ ശക്തമായതോടെ കൃഷിയിടത്തിൽ അവയുടെ ശല്യം വർദ്ധിക്കുകയും കൃഷി വളരെയേറെ കുറയുകയും ചെയ്തു. ഉദ്പാദന പഞ്ചായത്തിൽ നിന്നും ഉപഭോക്തൃ പഞ്ചായത്തിലേക്കുള്ള യാത്ര വളരെ വേഗത്തിലായിരുന്നു. ഇതിന് പരിഹാരമായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അനുമതിയോടെ നടപ്പിലാക്കിയ പദ്ധതിയാണ് വന്യജീവികൾക്കെതിരെയുള്ള ഫെൻസിംഗ്.

അടുത്തടുത്ത് കൃഷിസ്ഥലമുള്ള കർഷകരെ ഗ്രൂപ്പുകളാക്കി തിരിച്ച് ഇവരുടെ കൃഷിയിടത്തിന്റെ പൊതു അതിരുകൾ വേലികെട്ടുന്ന രീതിയാണ് അവലംബിച്ചത്. ആയതിനാൽ ചെലവ് കുറയ്ക്കാൻ സാധിച്ചു. 2.5 മീറ്റർ അകലത്തിൽ 6 അടിയുള്ള കോൺക്രീറ്റ് കാൽ നാട്ടി നാല് അടി ഉയരമുള്ള ജി.ഐ. വയർമെഷ് (12 ഗേജ് കനം) വലിച്ചു കെട്ടുകയും ഭൂനിരപ്പിൽ നിന്നും അടിയിലേക്ക് തുരന്ന് ജീവികൾ കയറാത്ത നിലയിൽ കോൺക്രീറ്റ് ചെയ്യുകയുമാണ് രീതി. ജി.ഐ. നെറ്റ്, കോൺക്രീറ്റ്, കോൺക്രീറ്റ് കാൽ എന്നിവയുടെ 80% സബ്സിഡിയും ബാക്കി വിലയും പണിക്കൂലിയും കർഷകർ വഹിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയത്.

2019-20 ൽ മാത്രം 11.45 ഹെക്ടർ സ്ഥലം ഫെൻസിംഗ് ചെയ്ത് സുരക്ഷിതമാക്കി. ചമൽ പാടശേഖര സമിതിയും 4 കർഷക ഗ്രൂപ്പുകളുമാണ് ഇതിൽ ഭാഗഭാക്കായത്. പ്രസ്തുത സ്ഥലങ്ങളിൽ നെൽകൃഷിക്ക് ശേഷം കപ്പ, പച്ചക്കറി, വാഴ മുതലായവയും കൃഷി ചെയ്തു വരുന്നു.

2016-17 മുതൽ 2019-20 വരെയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | കർഷകരുടെ എണ്ണം | കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | വേലിയുടെ നീളം (മീറ്ററിൽ) | ചെലവഴിച്ച തുക (ഗു.വി.ഉൾപ്പെടെ) |
|---|---|---|---|---|
| 2016-17 | 16 | 7.2 | 1617 | 175175 |
| 2017-18 | 36 | 12.6 | 1903 | 689371 |
| 2018-19 | 41 | 15.29 | 3947 | 1007480 |
| 2019-20 | 33 | 11.45 | 2344 | 535792 |

ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുക വഴി കൃഷി ഓഫീസർ ശ്രീ. മുഹമ്മദ് ഫൈസലിന് കോഴിക്കോട് ജില്ലയിലെ മികച്ച കൃഷി ഓഫീസർക്കുള്ള പുരസ്കാരം ലഭിക്കുകയുണ്ടായി. കൃഷിക്ക് സബ്സിഡി നൽകുന്നതിനേക്കാളും പ്രധാനം കൃഷി സംരക്ഷിക്കുകയാണ് വേണ്ടതെന്ന തിരിച്ചറിവാണ് പദ്ധതിയെ വിജയത്തിലേക്ക് നയിച്ചത്.

ഫെൻസിംഗ് ചെയ്ത എല്ലാ പ്ലോട്ടുകളിലും വിവിധ ഇടവിളകൾ കൃഷി ചെയ്തു വരുന്നു. വാഴ, ചേമ്പ്, ചേന, മത്സ്യകൃഷി, തേനീച്ച കൃഷി, ഇഞ്ചി, മഞ്ഞൾ എന്നിവയാണ് പ്രധാന കൃഷികൾ. ഇതിനു പുറമെ തെങ്ങിൻ തൈകളും വെച്ചു പിടിപ്പിച്ചു വരുന്നു.

വന്യമൃഗ ശല്യം പൂർണ്ണമായും തടയാനായതിനാൽ കാർഷിക മേഖലയിലേക്ക് കൂടുതൽ ആളുകൾ മുതലിറക്കുകയും കട്ടിപ്പാറ ഗ്രാമം കാർഷിക സമൃദ്ധിയിലേക്ക് തിരികെയെത്തിക്കൊണ്ടിരിക്കുകയുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2019-20 | 03.03.2021, 04.03.2021 | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിശദാംശം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 475000 | ശാരീരീകമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 475000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 680000 | ലൈഫ് ഭവനപദ്ധതി | -- | 680000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 256500 | ശാരീരീകമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 189050 | 67450 |

മേൽ തുക കൂടാതെ, മുൻവർഷങ്ങളിൽ ജില്ലാപഞ്ചായത്തിൽ നിന്നും ശാരീരീകമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പിനും, ലൈഫ് പദ്ധതിയ്ക്കും ലഭിച്ച യഥാക്രമം 187500, 275023 രൂപ ചെലവഴിക്കാതെ 31.03.2020 ന് ബാക്കിയുണ്ട്. ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള ലൈഫ് പദ്ധതിയുടെ തുക (275023+680000) ഓഡിറ്റ് സമയം ചെലവഴിച്ചിട്ടുണ്ട്. സ്കോളർഷിപ്പിനുള്ള തുക(187500+67450) നിലവിലും ചെലവഴിക്കാൻ അവശേഷിക്കുന്നു.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിശദാംശം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കല് | ചെക്ക് നം.14580/ 18.03.21 | 24687 | 24687 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരം

-ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 8506616 രൂപയിൽ 1178969 രൂപ തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം

തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്.) 111/18, തിയ്യതി: 13.08.18 | - | 8506616 | 1178969 | - | 7327647 |

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 (അവലോകനം) | 6.4 | തെരുവ് വിളക്ക് സംരക്ഷണം | തുടരുന്നു |
| | | 2013-14 (അവലോകനം) | 6.4.1 | തെരുവ് വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | -ടി- |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | -ടി- |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | -ടി- |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | സർട്ടിഫിക്കറ്റ് നം | ഉത്തരവാദി | തുക | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|---|
| 2009-10/3-2 | കെ.എസ്.എ 3621/ സ്പെഷ്യൽ സെൽ സി.എസ്.സി/ജി. 2/168/1216 | ശ്രീ. ബേബി രവീന്ദ്രൻ, മെമ്പർ | 3640 | Rt. 3326/04 Dtd 25.04.2018 |
| 2009-10/3-2 | ,, | ശ്രീമതി. ജുബൈരിയ, മെമ്പർ | 3640 | ,, |
| 2009-10/3-2 | | ശ്രീ. സത്യൻ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. ഇ. കെ അഗസ്റ്റിൻ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീമതി. ഷീബ സദാനന്ദൻ, മെമ്പർ | 3640 | 118030100092/ 20.04.2018 |
| 2009-10/3-2 | | ശ്രീമതി. റോസമ്മ തോമസ്, മെമ്പർ | 3640 | 118030100083/ 19.04.2018 |
| 2009-10/3-2 | | ശ്രീമതി. സാലി ഇമ്മാനുവൽ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. എം. കെ പുന്നൂസ്, മെമ്പർ | 3640 | 118030100066/ 17.04.2018 |
| 2009-10/3-2 | | ശ്രീ. അബ്ദുൾ കരീം, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. സെയ്തുട്ടി ഹാജി, മെമ്പർ | 3640 | |
| 2009-10/3-2 | | ശ്രീ. കെ. ആർ രാജൻ, മെമ്പർ | 3640 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60017090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60021259 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 367069 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

-ഇല്ല-

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 50618 | ശ്രീ.എം.എ.റഷീദ്, സെക്രട്ടറി |
| 1-18 | 5142 | ശ്രീ.എം.എ.റഷീദ്, സെക്രട്ടറി |
| 1-19 | 275580 | ശ്രീ.എം.എ.റഷീദ്, സെക്രട്ടറി |
| 1-20 | 22703 | ശ്രീ.ശശീന്ദ്രൻ, ഹെഡ്മാസ്റ്റർ |
| 1-24 | 13026 | ശ്രീ.ഫ്രാൻസിസ് തോമസ്, അസി.സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

-ഇല്ല-

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.എ.റഷീദ്, സെക്രട്ടറി | ലഭ്യമല്ല | ചെറിയേങ്ങൽ, എളേറ്റിൽ പി.ഒ.കൊടുവള്ളി, കോഴിക്കോട് |
| ശ്രീ.ഫ്രാൻസിസ് | ലഭ്യമല്ല | പിച്ചാപ്പിള്ളിൽ, |

| | | |
|---|---|---|
| തോമസ്, അസി.സെക്രട്ടറി | | കട്ടയാട്ടു പറമ്പ്, മൂഴിക്കൽ .പി.ഒ, കോഴിക്കോട് |
| ശ്രീ.ശശീന്ദ്രൻ, ഹെഡ്മാസ്റ്റർ | ലഭ്യമല്ല | അശ്വതി, മങ്ങാട് പി.ഒ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2005-06 | കെ.എസ്.എ. കെ.കെ.ഡി.പി1/ 611/16/ 14.06.16 | 1 | 4-4 |
| 2006-07 | കെ.എസ്.എ. കെ.കെ.ഡി. പി1/ 491/15 /29.09.15 | 10 | 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-3, 4-5 |
| 2007-08 | എൽ.എഫ്. കെ.കെ.ഡി. പി1/ 1272/12 /19.09.12 | 31 | 1-3, 2-1, 2-4, 2-6, 2-7, 2-9, 2-10, 3-2, 3-3, 3-4, 3-5, 3-6(1), 3-6(2), 3-6(3), 3-9, 3-11, 3-12, 3-13, 3-14, 3-15, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 4-3, 4-6, 4-7 |
| 2009-10 | കെഎസ്എ. കെ.കെ.ഡി. പി1/336/ 17/15.04.2017 | 13 | 1-3, 3-1, 3-2, 3-3, 3-4, 3-6(1), 3-6(3), 3-8, 3-9, 3-10, 3-11, 3-13, 4-3 |
| 2010-11 | കെ.എസ്.എ. കെ.കെ.ഡി. പി1/2238/ 16/27.04.2017 | 4 | 3-2, 3-5, 3-8, 3-10 |
| 2011-12& 2012-13 | കെ.എസ്.എ. കെ.കെ.ഡി. പി1/1904/ 16/04.05.2017 | 10 | 1-9, 3-2, 3-4, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-16(1,2) |
| | | | |

| | | | |
|---|---|---|---|
| 2013-14& 2014-15 | കെ.എസ്.എ. കെ.കെ.ഡി. പി1/1905/16/18.03.2017 | 9 | 2-2, 3-1, 3-2, 3-3, 3-4, 3-8, 3-10, 3-11, 3-13 |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി.പി1/576/17/27.04.2017 | 7 | 3-2, 3-3, 3-4, 3-6, 3-7, 3-8, 4-9 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി.പി1/1563/17/15.02.2018 | 28 | 2-1(1), 2-1(2), 2-1(3), 2-1(4), 2-2(5), 2-3(1), 2-3(3), 2-4(1), 2-4(2), 2-5(1 To 7), 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 4-9 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി.പി15/2541/18/06.12.2018 | 17 | 1-12, 2-1, 2-2(1), 2-2(3), 2-4, 3-1(1), 3-1(2), 3-2, 3-3, 3-4, 3-5, 3-7, 3-9, 3-10, 3-13, 3-14, 4-10 |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി.പി1/1050/2020/12.11.2020 | 49 | 1-1 മുതൽ1-38 വരെ, 4-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്